# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3781

21-06-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ ബാധ്യതകൾ ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ കിഫ്ബിയെ ഒരു സ്വതന്ത്രാധികാര സ്ഥാപനമായി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;<br>(ബി) ഇല്ലെങ്കിൽ ഭരണഘടനയുടെ അനുഛേദം 293(1) കിഫ്ബിക്ക് ബാധകമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | കേരള നിയമസഭ അംഗീകരിച്ച കിഫ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ് കിഫ്ബി. ഭരണഘടനയുടെ അനുച്ഛേദം 293(1) അനുശാസിക്കുന്നത് താഴെ പറയും പ്രകാരമാണ്.<br>**Article 293(1) in The Constitution of India 1949**<br>**(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.**<br>സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)ൽ പ്രതിപാദിക്കുന്നത്. കിഫ്ബി പോലെയുള്ള സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല. |

| | |
|---|---|
| (സി) കിഫ്ബി മൂലം ഉണ്ടാകുന്ന ബാധ്യത സർക്കാർ ഏറ്റെടുക്കുന്നത് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | കിഫ്ബിയുടെ കടമെടുപ്പുമായി ബന്ധപ്പെട്ട തിരിച്ചടവിന് കിഫ് ആക്ടിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. അതിൻ പ്രകാരമുള്ള ധനാഗമമാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കരുതുന്നില്ല. |
| (ഡി) കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ലഭ്യമാക്കിയ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ലഭ്യമാക്കിയ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ